**നഗര ഗ്രാമാസൂത്രണ വകുപ്പ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, വയനാട്**
**നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം, വയനാട് - മാനന്തവാടി നഗരസഭാ - മാനന്തവാടി വില്ലേജിൽ സർവ്വേ നമ്പർ 206/84,85,86,337, 338 ൽ പ്പെട്ട 1.9222 H സ്ഥലത്ത് കോഫി പൾപ്പിങ് യൂണിറ്റ് നിർമ്മാണം - ലേ ഔട്ട് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന:- Chairman, Biowin Agro Research, Vemom P.O, Mananthavady യുടെ അപേക്ഷ

**ഉത്തരവ് നമ്പർ TCPWYD/884/2019-C തീയതി 11/12/2019**

മനന്തവാടി നഗരസഭയിൽ, മാനന്തവാടി വില്ലേജിൽ സർവ്വേ നമ്പർ 206/84,85,86,337,338 ൽ പ്പെട്ട 1.9222 H സ്ഥലത്ത് കെ.എം.ബി.ആർ 2019 റൂൾ 25 (2)i അനുസരിച്ച് ഗ്രൂപ്പ് G 2 high hazard industry വിഭാഗത്തിൽ വരുന്ന (നിർമ്മാണത്തിന്റെ ആകെ ബിൽറ്റ് അപ്പ് ഏരിയ 1764.27 $m^2$, FSI- 0.09) കോഫി പൾപ്പിങ് യൂണിറ്റ് നിർമ്മാണം താഴെ പറയുന്ന നിബന്ധനകൾ പാലിക്കുന്നതോടൊപ്പം ന്യൂനതകൾ പരിഹരിക്കണമെന്ന വ്യവസ്ഥയിൽ ലേഔട്ട്/യുസേജ് അനുമതി നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ എം ബി ആർ 2019 ലെയും അനുബന്ധ നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ, സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന മറ്റ് അളവുകൾ എന്നിവയുടെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ് .
4. മാലിന്യം വ്യാപിക്കാതിരിക്കുന്നതിന് ഡ്രൈയിങ് യാർഡിനു ചുറ്റും parapet നിർമ്മിക്കേണ്ടതാണ്
5. surface drainage ന് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്.
6. നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്തിട്ടുള്ളിടത്തും, മണ്ണ് ഫില്ല് ചെയ്തിടത്തും റീറ്റെയ്നിങ് വാൾ ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്
7. നിർമ്മാണവുമായി ബന്ധപ്പെട്ട് ബാധകമായ എല്ലാ അനുമതികളും വാങ്ങിയിരിക്കണം

മേൽ നിബന്ധനകൾ കൂടാതെ താഴെ പറയുന്ന ന്യൂനതകൾ കൂടി പരിഹരിക്കേണ്ടതാണ്.

1. റൂൾ 6(2) പ്രകാരമുള്ള പരിശോധനാഫീസ് (Rs.5293/-) നിശ്ചിത രീതിയിൽ സർക്കാർ ഉത്തരവ് വരുന്ന മുറയ്ക്ക് ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്.
2. ഓരോ കെട്ടിടത്തിലേക്കുമുള്ള വഴി സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തേണ്ടതാണ്.
3. ഭൂഗർഭ ജല പരിപോഷണത്തിനായുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തേ ണ്ടതാണ് റൂൾ 76(1)

4. ലഭ്യമായ നിരാക്ഷേപ പത്രങ്ങൾ പ്രി റിവൈസ്ഡ് പെർമിറ്റിന് വേണ്ടിയുള്ളതാണെന്ന് കാണുന്നു. ആയത് പുതുക്കി സമർപ്പിക്കേണ്ടതാണ്.
5. ചട്ട പ്രകാരമുള്ള സാനിറ്റേഷൻ സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
6. സൈറ്റ് പ്ലാനിൽ തൊട്ടടുത്ത കെട്ടിടം , വൈദ്യുതി പോസ്റ്റ് എന്നിവയുടെ നമ്പർ രേഖപ്പെടുത്തണം.
7. തൊട്ടടുത്ത റോഡ് നിരപ്പിൽ നിന്നും കൊട്ടിടത്തിന്റെ ഫ്ലോർ ലെവൽ പ്ലാനിൽ രേഖപ്പെടുത്തേണ്ടതാണ്.
8. പ്ലാനുകളിൽ വിഭാവനം ചെയ്യുന്ന ഇലക്ട്രിസിറ്റി , വാട്ടർ സപ്ലൈ ലൈനുകൾ പ്ലാനുകളിൽ അടയാളപ്പെടുത്തണം.
9. പ്ലാനുകളിൽ തൊഴിലാളികളുടെ എണ്ണം , അസംസ്കൃത സാധനങ്ങളുടെ വിവരം , നിർമ്മാണത്തിന്റെ പ്രോസസ് വിവരിക്കുന്ന flowchart മുതലായവ രേഖപ്പെടുത്തണം.
10. പ്ലാനുകൾ ചട്ട പ്രകാരം കളർ ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി മാനന്തവാടി നഗരസഭാ സെക്രട്ടറിയിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

18/2019 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.

ഉള്ളടക്കം:പ്ലാൻ ~~രണ്ട്~~ ഒരു സെറ്റ്

RAMACHANDRAN A
TOWN PLANNER

Chairman,
Biowin Agro Research,
Vemom P.O, Mananthavady

പകർപ്പ്: സെക്രട്ടറി, മാനന്തവാടി നഗരസഭ

DESPATCHED 11/12/19.